ലോക പ്രാർത്ഥന ദിനം

തയ്യാറാക്കിയത് തായ്‌വാനിലെ ഡബ്ലിയു.ഡി.പി കമ്മറ്റി

മാർച്ച് 3 2023

" ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു."

ആരാധനക്രമം

ക്രമീകരണം :-

എല്ലാ ഗാനങ്ങളും മുൻകൂട്ടി പരിശീലിക്കുക.

(ഗാനങ്ങളും അവയുടെ സംഗീതവും ലഭ്യമാണ് ).

സ്റ്റേജിന്റെ മുൻഭാഗം താഴെപ്പറയുന്ന വസ്തുക്കൾ കൊണ്ട് അലങ്കരിച്ച്

മനോഹരമാക്കുക.

1.നീല വസ്ത്രം (സമുദ്ര നീലിമ കൊണ്ട് മനോഹരമായ പ്രദേശമാണ് തായ്‌വാൻ ) .

പച്ച വസ്ത്രം ( മനോഹരമായ പർവ്വതനിരകൾ കൊണ്ട്

ഹരിതാഭമാണ് തായ്‌വാൻ.

മഞ്ഞ വസ്ത്രവും വെള്ള വസ്ത്രവും (പ്രകൃതി വിഭവങ്ങളാൽ സമ്പുഷ്ടമാണ്

തായ്‌വാൻ ).

2.ലില്ലിപ്പൂക്കളും ഓർക്കിഡ് പുഷ്പങ്ങളും കൊണ്ട് അലങ്കരിക്കുക .

3.മറ്റൊരു തെരഞ്ഞെടുക്കൽ അലങ്കാരത്തിൽ സാധ്യമാണ് .പേപ്പർ കൊണ്ടുള്ള

പുഷ്പങ്ങൾ നിർമ്മിക്കുക.ഈ വെബ്സൈറ്റ് സന്ദർശിക്കുക.

Origami Lily Instructions (origami.fun.com)

തായ്‌വാൻറെ പസ്സിൽ ഭൂപടം ( തെറ്റായി ക്രമീകരിച്ചിരിക്കുന്നത് ) പ്രസംഗ

പീഠത്തിനരികിൽ വെച്ചിരിക്കുക.( അപ്പൻഡിക്സ് നോക്കുക ).

ആരാധന തുടങ്ങുന്നതിനു മുൻപ് തായ്‌വാൻ എന്ന രാജ്യത്തിന്റ സംഗീതം, പവർ

പോയിൻറ് സ്ലൈഡുകളിലൂടെ വിശ്വാസികളെ കാണിക്കാവുന്നതാണ്. വിശ്വാസ

സമൂഹത്തിന് തായ്‌വാനെ കുറിച്ച് കൂടുതൽ പരിചയപ്പെടാൻ ഇത് സഹായിക്കും .

പ്രാരംഭ ഗാനത്തിനു മുൻപേ കഥകളിലെ അഞ്ച് വനിതകൾ പസ്സിൽ ഭൂപടത്തിനരികിൽ

വരേണ്ടതാണ്.

" ദൈവത്തിന് സ്തുതി അർപ്പിക്കാം " എന്നുള്ള ഗാനം ഒരു വനിത പാടി

കൊണ്ടുവരുന്നു . "ദൈവത്തിന് സ്തുതി അർപ്പിക്കാം " എന്ന് മറ്റു നാല് പേരും,

വിശ്വാസികളുടെ പ്രത്യുത്തരങ്ങൾക്ക് നേതൃത്വം നൽകുന്നു .അതിനുശേഷം

തെറ്റായി ക്രമീകരിച്ചിരിക്കുന്ന ഭൂപടത്തിൻ്റെ ഭാഗങ്ങൾ 5 വനിതകളും ചേർന്ന്

ശരിയാക്കുന്നു . നാനാ വർണ്ണത്തിലുള്ള തായ്‌വാൻ്റെ ശരിക്കുമുള്ള ഭൂപടം പ്രസ്തുത

രാജ്യത്തിൻ്റെ വൈവിധ്യത്തെ പ്രതീകാത്മകമായി വ്യക്തമാക്കുന്നു.

അപ്പോസ്തലനായ പൗലോസ് എഫെസ്യർക്ക് എഴുതിയ ലേഖനം ഒന്നാം അദ്ധ്യായം 15

മുതൽ 19 വരെയുള്ള വാക്യങ്ങൾ ബൈബിൾ പഠനത്തിനായി വായിക്കുന്നു.(NRSV) .

ആരാധനക്രമം

ശുശ്രൂഷകൻ : 2023ലെ ലോക പ്രാർത്ഥന ദിന ആരാധന ആരംഭിക്കാം.

ജനം : ദൈവത്തിന് സ്തുതി അർപ്പിക്കാം.'

(മായാവ് കുമുദ്, അമിസിന്റെ 1990 കളിലെ വരികളും സംഗീതവും. WDP തായ്‌വാൻ, 2023

ന് മാത്രം കോപ്പി റൈറ്റ് ആധികാരികത നൽകിയിരിക്കുന്നു.

(തെറ്റായി ക്രമീകരിച്ചിരിക്കുന്ന തായ്‌വാൻ്റെ ഭൂപടത്തിനരികിലേക്ക് അഞ്ച്

സ്ത്രീകൾ നടന്നുവരുന്നു. " ദൈവത്തിന് സ്തുതി അർപ്പിക്കാം " എന്നുള്ള ഗാനം ഒരു

വനിത പാടി കൊണ്ടുവരുന്നു . "ദൈവത്തിന് സ്തുതി അർപ്പിക്കാം "
എന്ന് മറ്റു

നാല് പേരും, വിശ്വാസികളുടെ പ്രത്യുത്തരങ്ങൾക്ക് നേതൃത്വം നൽകുന്നു

.അതിനുശേഷം തെറ്റായി ക്രമീകരിച്ചിരിക്കുന്ന ഭൂപടത്തിന്റെ ഭാഗങ്ങൾ 5
വനിതകളും

ചേർന്ന് ശരിയാക്കുന്നു.

സ്വാഗതവും ആശംസയും

ലീഡർ 1 : 'പിങ്ങ് അൻ '

തായ്‌വാനിൽ ഈ വാക്കുകളുടെ അർത്ഥം "ദൈവം നിങ്ങൾക്ക് സമാധാനം
നൽകുമാറാകട്ടെ. നിങ്ങൾക്കും ദൈവത്തിനും തമ്മിലും മറ്റ് മനുഷ്യർ
തമ്മിലുള്ള കൂട്ടായ്മയിലും ദൈവം നിങ്ങൾക്ക് സമാധാനം നൽകുമാറാകട്ടെ.
ലീഡർ 2 :ഏവർക്കും സ്വാഗതം .തായ്‌വാനിലെ എല്ലാ സഹോദരികളുടെയും
നാമത്തിൽ എല്ലാവരെയും ഈ ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
ലീഡർ 1 :പ്രിയമുള്ള സഹോദരി സഹോദരന്മാരെ ,ഈ ആഘോഷത്തിലൂടെ
ഞങ്ങളുടെ ജീവിതത്തിൽ ചെയ്ത ദൈവത്തിൻറെ അത്ഭുതകരമായ
കൃപയും അതിശയ പ്രവർത്തനങ്ങളും നിങ്ങളോട് സാക്ഷീകരിക്കുവാൻ
ആഗ്രഹിക്കുന്നു.
ഗാനം ":സ്നേഹം ഒഴുകുന്നു " (വരികളും സംഗീതവും ചെയ്തത്
സാൻഡിയു 2003, സ്ട്രീം ഓഫ് പ്രൈസ് ഗാനം / CCLI#3978045. WDP
തായ്‌വാൻ, 2023 ന് മാത്രം കോപ്പി റൈറ്റ് ആധികാരികത നൽകിയിരിക്കുന്നു.

ഗാനാലാപനത്തിനു ശേഷം ക്രിസ്തുവിൻറെ സമാധാനം കയ്യസൂരിയിലൂടെ
പരസ്പരം പങ്കുവയ്ക്കുന്നു.

ആരാധനയ്ക്കുള്ള ആഹ്വാനം.

ലീഡർ 1 :തായ്‌വാനിൽ അങ്ങ് വർഷിച്ച എല്ലാ അനുഗ്രഹങ്ങൾക്കായി
അങ്ങയെ സ്തുതിക്കുന്നു.ഞാൻ

ലീഡർ 2 :പർവ്വതനിരകളും വനാന്തരങ്ങളും സമുദ്രവും തുടങ്ങിയ പ്രകൃതി വിഭവങ്ങളാലും ചുറ്റപ്പെട്ട ഈ മനോഹരമായ ദ്വീപിനെ സൃഷ്ടിച്ച അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു. പ്രകൃതിവിഭവങ്ങൾ കൊണ്ട് സമ്പന്നമാണ് തായ്‌വാൻ.
ജനം :ദൈവത്തിൻറെ നാമം വാഴ്ത്തപ്പെടട്ടെ .അങ്ങയുടെ മഹത്വം ഞങ്ങളിൻ മേൽ എപ്പോഴും ഇരിക്കുമാറാകട്ടെ .
ലീഡർ 1 :നൂറു വർഷങ്ങൾക്കു മുമ്പ് തായ്‌വാൻ എന്ന ഈ ദ്വീപിൽ മിഷനറിമാർ വരികയും സുവിശേഷം ഘോഷിക്കുകയും ചെയ്തു. ഇവിടെ പാർത്തിരുന്ന ജനം സുവിശേഷം കേട്ട് , കൃപയാലുള്ള ദൈവീക രക്ഷ സ്വീകരിക്കുകയും ചെയ്തു.

ജനം :ദൈവത്തിൻറെ നാമം വാഴ്ത്തപ്പെടട്ടെ .അങ്ങയുടെ മഹത്വം ഞങ്ങളിൻ മേൽ എപ്പോഴും ഇരിക്കുമാറാകട്ടെ .
ലീഡർ 2 :പതിനാറാം നൂറ്റാണ്ട് മുതൽ വ്യത്യസ്ത വിദേശ ശക്തികളുടെ കോളനിവൽക്കരണവും സാംസ്കാരിക, സാമൂഹിക, രാഷ്ട്രീയ,വംശീയ സംഘർഷങ്ങളിലൂടെ കടന്നു പോവുകയും ചെയ്തു.എന്നാൽ ദൈവകൃപയാൽ ഈ ദ്വീപ് ഉദ്ഗ്രഥനത്തിലേക്ക് വരികയും ഇവിടത്തെ ജനത്തിന് സമാധാനം കൈവരികയും ചെയ്തു.ആയതിനാൽ തായ്‌വാൻ എന്നും ആതിഥ്യ മര്യാദയുള്ളതും മറ്റുള്ളവരെ സഹായിക്കുവാനും മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുവാനും എന്നും താല്പര്യവും കാണിക്കുന്നു.
ജനം :കൃപയുള്ള കർത്താവേ,ഞങ്ങൾ അങ്ങയെ വാഴ്ത്തുകയും ഞങ്ങൾ അങ്ങനെ സ്തുതിക്കുകയും ചെയ്യുന്നു അങ്ങയുടെ മഹത്വം ഞങ്ങളിൽ എന്നും നിലനിൽക്കട്ടെ .
ഗാനം : “യഹോവയുടെ അനുഗ്രഹങ്ങൾ " വരികളും സംഗീതവും ചെയ്തത് ജെസ്സിക്കാ ലി , സാൻഡിയു 1997, സ്ട്രീം ഓഫ് പ്രൈസ് ഗാനം / CCCLI#3518931. WDP തായ്‌വാൻ, 2023 ന് മാത്രം കോപ്പി റൈറ്റ് ആധികാരികത നൽകിയിരിക്കുന്നു.

അനുതാപ പ്രാർത്ഥന
പ്രാർത്ഥന 1 :ക്ഷമിക്കുന്ന ദൈവമേ, ഞങ്ങൾ ഞങ്ങളുടെ പാപങ്ങളെ ഏറ്റു

പറയുന്നു. ഞങ്ങൾ അങ്ങയോട് പാപം ചെയ്തു. അങ്ങ് ഞങ്ങളെ

വിശ്വസ്തതയോടെ കാപ്പാൻ ഏൽപ്പിച്ച ഞങ്ങളുടെ ദേശത്തെ ,ഞങ്ങൾ

മലിനമാക്കി , വ്യത്യസ്തമായ ജൈവവൈവിധ്യത്തെ നശിപ്പിച്ചു.

ജനം :ദൈവമേ ഞങ്ങളോട് കൃപയുണ്ടാകണമേ .

ഗാനം: "ദൈവമേ ഞങ്ങളോട് കൃപയുണ്ടാകണമേ "വരികളും സംഗീതവും

ചെയ്തത് സായി സെയിത് മെലഡി , തായ്വാൻ ; ട്രാൻസർ - ഐ ടു ലോൽ,

1984. WDP തായ്‌വാൻ, 2023 ന് മാത്രം കോപ്പി റൈറ്റ് ആധികാരികത

നൽകിയിട്ടുണ്ട്.

പാപക്ഷമ പ്രഖ്യാപനം

ലീഡർ ഒന്ന് :ദൈവമേ അങ്ങ് വിശ്വസ്തനും നീതിമാനും ആകുന്നു.

ഞങ്ങളോട് ക്ഷമിക്കണമേ .അങ്ങ് ഞങ്ങളെ നിർമ്മലമാക്കേണമേ.അങ്ങയുടെ

ജ്ഞാനത്തിന്റേയും വെളിപാടിന്റെയും ആത്മാവിനാൽ നിറച്ച് ഞങ്ങളെ

സ്നേഹത്തിലും വിശ്വാസത്തിലും നിറയ്ക്കേണമേ. അങ്ങയെ ഞങ്ങൾക്ക്

വെളിപ്പെടുത്തി, അങ്ങയുടെ അളവുകൂടാത്ത മഹത്വത്തെയും ശക്തിയെയും

മനസ്സിലാക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമേൻ.

ജനം :ആമേൻ.

ഗാനം :"ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ" . വരികളും

സംഗീതവും ചെയ്തത് തായൽ ഗീതം#288, - ഐ ടു ലോൽ, യോ കേ ,

വാതാൻ, തായൽ,തായ്‌വാൻ, 2017.അനുവാദത്തോടുകൂടി ഉപയോഗിക്കുന്നു.

ദൈവത്തിൻറെ വചനവും ജീവൻറെ സാക്ഷ്യവും

വചനം വായിക്കുന്ന ആൾ :

വേദഭാഗം വായിക്കുന്നു. എഫെസ്യർ :1:15-19 (NRSV)

അത് നിമിത്തം ഞാനും നിങ്ങൾക്ക് കർത്താവായ

യേശുവിലുള്ള വിശ്വാസത്തെയും സകല

വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെയും കുറിച്ച് കേട്ടിട്ട്, നിങ്ങൾക്ക് വേണ്ടി ഇടവിടാതെ സ്തോത്രം ചെയ്തു എൻറെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുംകൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ നിങ്ങൾക്ക് തന്നെ കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ആത്മാവിനെ തരേണ്ടതിനും , നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ട് അവൻറെ വിളിയാലുള്ള ആശ ഇന്നതെന്നും വിശുദ്ധന്മാരിൽ അവൻറെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും അവൻറെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്ക് വേണ്ടി

വ്യാപരിക്കുന്ന അവൻറെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു.

വചന ധ്യാനം

അപ്പോസ്തലനായ പൗലോസ്,എഫെസ്യ സഭയ്ക്ക് ദൈവം നൽകിയ വിശ്വാസവും സ്നേഹവും കണ്ടിട്ട് ദൈവത്തെ സ്തുതിക്കുന്നു.എഫസ്യ സഭ ദൈവത്തിൻറെ ആത്മാവിനാൽ നിറയപ്പെടുവാനും ദൈവത്തെ അറിയുവാനും പരിശുദ്ധാത്മാവിലൂടെ തിരിച്ചറിയുവാനും ദൈവത്തോട് പ്രാർത്ഥിക്കുന്നു.പലപ്പോഴും നാം ജീവിതത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകളാലും തടസ്സങ്ങളാലും സംഘർഷത്തിൽ ആവുകയും നമ്മുടെ പ്രതീക്ഷയും വിശ്വാസവും നഷ്ടപ്പെടുന്ന തരത്തിലേക്ക് പോവുകയും മാനുഷികമായ ബലഹീനതകളിൽ ആശ്രയിക്കുകയും ചെയ്യുന്നു.എന്നാൽ നാം വിശ്വാസവും പ്രത്യാശയും ദൈവരാജ്യത്തിന്റെ വാഗ്ദത്തവും കാത്തുസൂക്ഷിക്കാൻ വിളിക്കപ്പെട്ടവരാണ്.നമ്മിലെ പരിശുദ്ധാത്മാവിനെ

പ്രകാശിപ്പിക്കുന്നതിലൂടെ ദൈവത്തിൻറെ കൃപയും സ്നേഹവും വിശ്വസ്തതയും നമുക്ക് ദർശിക്കുവാൻ കഴിയും.
ഈ ലേഖനത്തിൽ ഉടനീളം ലേഖന കർത്താവ് വിശുദ്ധന്മാർക്ക് വേണ്ടി ആഴത്തിൽ കർത്താവിലുള്ള സ്നേഹവും വിശ്വാസവും എങ്ങനെ വർദ്ധിപ്പിക്കാമെന്ന് പ്രാർത്ഥനാപൂർവ്വം പങ്ക് വയ്ക്കുന്നു. (എഫേ: 3:18)
നാം നമ്മുടെ ദൈവമായ കർത്താവിൻറെ സ്നേഹത്തോട് തയ്യാറാണോ ? കർത്താവിൻറെ സ്നേഹം നമ്മുടെ പ്രവൃത്തികളിലൂടെ വെളിപ്പെടേണ്ടതാണ്;അവയിലൂടെ

ദൈവത്തിന്റെ മഹത്വവും സമൃദ്ധമായ ജീവനും പ്രകടമാകുന്നു.
ദൈവത്തിൻറെ ദൃഷ്ടിയിൽ നാം കാറ്റിനൊപ്പം പാറിപ്പറക്കുന്ന വർണ്ണ കടലാസ്സുകൾ അല്ല . പദപ്രശ്നത്തിലെ മാറ്റിവെക്കാൻ പറ്റാത്ത ഭാഗങ്ങൾ പോലെയാണ്. സാമൂഹിക പശ്ചാത്തലമോ,പ്രാദേശിക പശ്ചാത്തലമോ,വ്യത്യസ്തമായ സംസ്കാരമോ എന്തുമാകട്ടെ, നാം എല്ലാവരും കർത്താവായ യേശുക്രിസ്തുവിൽ ഐക്യമത്യപ്പെടുന്നു.

ധ്യാനത്തിന് വേണ്ടിയുള്ള നിശബ്ദത.

ലീഡർ 2:തായ്‌വാനിലെ വനിതകളുടെയും പെൺകുട്ടികളുടെയും വിശ്വാസത്തിൻറെ കഥകൾ ഞങ്ങൾ കേട്ടിരിക്കുന്നു. അവർക്ക് വേണ്ടി ഞങ്ങൾ പ്രോത്സാഹനത്തിന്റെ കത്തുകൾ അയയ്ക്കുന്നു . ആ കത്തുകളെ നമുക്കിപ്പോൾ വായിച്ച് കേൾക്കാം.

വനിത ഒന്ന് :

പ്രിയപ്പെട്ട സഹോദരി പാവോ ചു,

കഴിഞ്ഞ നാളുകളിൽ നാം കൂട്ടായ്മയുടെ ബന്ധത്തിൽ കണ്ടപ്പോൾ, പരിസ്ഥിതിയെ അടിയന്തിരമായി സംരക്ഷിക്കേണ്ടതിനായുള്ള നിന്റെ കഥകൾ ഞാൻ കേട്ടിരുന്നു.താങ്കളുടെ വിശ്വാസത്തിൻറെ കഥ എന്നെ ഏറെ സ്വാധീനിച്ചു; അന്നുമുതൽ താങ്കളുടെ കാൽപ്പാടുകളെ ഞാനും പിന്തുടരുന്നു.ഞാൻ വിഭവങ്ങളെ വീണ്ടും ഉത്പാദിപ്പിച്ചു;ബീച്ച് വൃത്തിയാക്കുന്നതിൽ പങ്കുചേർന്നു,ഗാർഹിക മാലിന്യങ്ങൾ തരംതിരിച്ചു.പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുവാൻ വേണ്ടി അടുക്കളയിലെ പാത്രങ്ങളെല്ലാം മൺപാത്രങ്ങൾ ആക്കി മാറ്റി.മാത്രമല്ല വരുംതലമുറയ്ക്ക് പരിസ്ഥിതിയെ എങ്ങനെ സംരക്ഷിക്കാം എന്ന് ഞാൻ പഠിപ്പിക്കുന്നു.അടുത്ത സമയങ്ങളിൽ ന്യൂക്ലിയർ ഫ്രീയായ ഒരു രാജ്യമായി തായ്‌വാൻ മാറുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.ദൈവത്തിൻറെ സൃഷ്ടികളുടെ നല്ല കാര്യവിചാരകന്മാരായി മാറുവാൻ നമുക്ക് ഒരുമിച്ച് പഠിക്കാം.

(നിശബ്ദത)

പ്രതികരണ ഗാനം.

"ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു” .
എഫെസ്യർ : 1:15 - 16. സംഗീതം : ലായ്, യിൻ-ടിംഗ്.
2023 ലെ WDP തായ്‌വാൻ പരിപാടിക്ക് വേണ്ടി പ്രത്യേകം രചിച്ചത്.സമ്മതത്തോടുകൂടി ഉപയോഗിക്കുന്നു.

വനിത 2.

പ്രിയ സഹോദരി ഫെൻ ജിയോ,

ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു.താങ്കൾ മധ്യവയസ്കയായ തദ്ദേശീയ വനിതയായിരിക്കെ,താങ്കളുടെ പ്രായത്തിലുള്ള പലർക്കും ഒരു അനുഗ്രഹമായിരിക്കുന്നു.പതിറ്റാണ്ടുകളായി ഒരു വീട്ടമ്മ എന്ന നിലയിൽ താങ്കളുടെ ജീവിതം താങ്കളുടെ കുടുംബത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണല്ലോ.കുടുംബത്തിന് വേണ്ടി താങ്കൾ ഒരു ജോലിക്ക് ശ്രമിച്ചപ്പോൾ ജോലിസ്ഥലത്ത് നിങ്ങൾക്ക് പല വെല്ലുവിളികളും നേരിട്ടു.പല മാറ്റി നിർത്തലുകളും നിങ്ങളുടെ പ്രായം കൊണ്ട്,നിങ്ങളുടെ ജോലിസ്ഥലത്ത് നേരിടുകയും, വനിതകൾക്കെതിരെയുള്ള പല സാമൂഹിക നിയമങ്ങളും നിങ്ങളെ സമ്മർദ്ദത്തിലാഴ്ത്തുകയും ചെയ്തു.നിങ്ങൾ നിങ്ങളുടെ വീട്ടുകാര്യങ്ങൾ ഉത്തരവാദിത്വത്തോടെ ചെയ്തപ്പോൾ അവഗണിക്കപ്പെടുന്നതായി തോന്നിയതിനാലാണ് നിങ്ങൾ ഒരു ജോലി അന്വേഷിച്ചത്.ഈ സംഘർഷാവസ്ഥയിൽ താങ്കൾ ദൈവപരിപാലനത്തിൽ ആശ്രയം വയ്ക്കുകയും താങ്കളുടെ കുടുംബത്തെ താങ്ങി നിർത്തുവാൻ പരമ്പരാഗതമായ നെയ്ത്ത് പരിശീലിക്കുകയും,അങ്ങനെ നിങ്ങളുടെ ഗോത്രത്തെ തന്നെ പരിപാലിക്കുകയും ചെയ്തു. നിങ്ങളുടെ ക്രിയാത്മകമായ കഴിവ് ഒരിക്കൽ കൂടി അങ്ങനെ ശക്തിപ്പെട്ടു. നിങ്ങളുടെ സാക്ഷ്യം അനേകം സഹോദരിമാർക്ക് അനുഗ്രഹവും ഉത്തേജനവും ആണ്.

(നിശബ്ദത )

പ്രതികരണ ഗാനം.

"ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു”  .
എഫെസ്യർ : 1:15 - 16. സംഗീതം : ലായ്, യിൻ-ടിംഗ്.

വനിത : 3:

പ്രിയമുള്ള സഹോദരി ജോജോ,

താങ്കളുടെ യൗവന പ്രായത്തിൽ താങ്കളുടെ പിതാവ് തുടർപഠനത്തേക്കാൾ ഉപരി ,ഒരു തൊഴിൽ തേടുവാൻ പറഞ്ഞുവല്ലോ. അദ്ദേഹത്തിൻറെ കാഴ്ചപ്പാടിൽ പെൺകുട്ടികൾ അധികം വിദ്യാഭ്യാസം ചെയ്യുന്നത് അനാവശ്യവും വിവാഹിതയായി കഴിയേണ്ടത് ആവശ്യമായിരുന്നുവല്ലോ.എന്നാൽ താങ്കൾ താങ്കളുടെ പഠനത്തിനു വേണ്ടി ശ്രമിച്ചു.താങ്കൾ ദൈവത്തോട് ജ്ഞാനത്തിനു വേണ്ടി പ്രാർത്ഥിക്കുകയും പിതാവിനോട് സംഭാഷണം ചെയ്യാൻ വേണ്ട ബുദ്ധിക്ക് അപേക്ഷിക്കുകയും അദ്ദേഹത്തിൻറെ മനസ്സ് മാറ്റുവാൻ പ്രാർത്ഥിക്കുകയും ചെയ്തു. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഒരേ അവകാശമാണ് വിദ്യാഭ്യാസത്തിനുള്ളത് എന്ന്,പിതാവ് മനസ്സിലാക്കുവാൻ വേണ്ടി താങ്കൾ പ്രാർത്ഥിച്ചു.ക്രമേണ,

പെൺകുട്ടികൾ ആൺകുട്ടികളെക്കാൾ ഒട്ടും പിന്നോക്കമല്ല എന്ന് പിതാവ് തിരിച്ചറിഞ്ഞു.

ബിരുദവിദ്യാഭ്യാസത്തിനുശേഷം താങ്കൾ തൊഴിൽ തേടി

പോയി.ജോലിസ്ഥലത്ത് വിദ്യാഭ്യാസമുള്ള വനിതകൾക്ക് നേരിടുന്ന വെല്ലുവിളികൾ താങ്കൾക്കും അനുഭവിക്കേണ്ടിവന്നു. എന്നാൽ താങ്കൾ, ദൈവത്തിൻറെ ജ്ഞാനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും തൊഴിലിടത്തുള്ള വകഭേദങ്ങൾ മാറി,മേലധികാരികൾക്ക് ലിംഗ സമത്വം മനസ്സിലാക്കുവാൻ പ്രാപ്തമാകണമെന്ന് പ്രാർത്ഥിക്കുകയും ചെയ്തു.ആണിനും പെണ്ണിനും തുല്യ അവകാശമാണ് ഉള്ളത് എന്നും ലിംഗ സമത്വം കൈവരിക്കുന്നത് വരെ അതിനുവേണ്ടി തോറ്റു കൊടുക്കാതെ, താങ്കൾ ഇപ്പോഴും പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

(നിശബ്ദത )

പ്രതികരണ ഗാനം.

"ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു” .
എഫെസ്യർ : 1:15 - 16. സംഗീതം : ലായ്, യിൻ-ടിംഗ്.

വനിത 4:

പ്രിയ സഹോദരി പേൾ...

കോവിഡ് 19 മഹാമാരിയുടെ കാലത്ത് ഒരു ആശുപത്രി വൃത്തിയാക്കുന്ന ജോലിയിൽ താങ്കൾ വ്യാപൃതയായിരുന്നു.രോഗികളെ വൃത്തിയാക്കുന്നതിനും രോഗികൾ കിടന്ന മുറികൾ വൃത്തിയാക്കുന്നതിനും താങ്കളുടെ ജീവൻ പണയം വെച്ച്, ശ്രമിച്ചിരുന്നു. വീട്ടിലുള്ള നിങ്ങളുടെ മൂന്ന് കുഞ്ഞുങ്ങൾക്കും ജീവന് ഭീഷണിയാകാതെ, ജോലിസമയത്തിനുശേഷം വീട്ടിലേക്ക് പോകാതെ താങ്കൾ

ശ്രദ്ധിച്ചിരുന്നു.വളരെ തുച്ഛമായ വരുമാനമായിരുന്നു എങ്കിലും, രോഗം പകരാതിരിക്കാൻ താങ്കൾ ഒരു വാടക വീട് എടുത്ത് അവിടെ താമസിച്ചിരുന്നു.അങ്ങനെ സ്വയം ഒറ്റപ്പെട്ട താമസിച്ചിരുന്ന സമയം ,താങ്കളുടെ കുടുംബത്തെ ശുശ്രൂഷിക്കാനോ അവരോടൊപ്പം സമയം ചെലവഴിക്കാനോ താങ്കൾക്ക് സാധിച്ചിരുന്നില്ല.താങ്കളുടെ ത്യാഗപൂർണ്ണമായ ജീവിതം എന്നെ ഏറെ സ്വാധീനിച്ചു; മാത്രമല്ല എന്നെ നടത്തിയ ദൈവം നിങ്ങളുടെ ജീവിതത്തിലും ശക്തനായി കൂടെ ഇരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(നിശബ്ദത )

പ്രതികരണ ഗാനം.

"ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു" .
എഫെസ്യർ : 1:15 - 16. സംഗീതം : ലായ്, യിൻ-ടിംഗ്.

വനിത : 5
പ്രിയ സഹോദരി ഡേയ്ക്കൻ,

താങ്കളുടെ ചെറുപ്രായത്തിൽ വാക്കുകൾ കൊണ്ടും ലൈംഗികമായും ഏറ്റ പീഡനങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ഞാൻ നിരന്തരമായി പ്രാർത്ഥിക്കുകയും ആ വേദനകളിൽ നിന്ന് സൗഖ്യം ലഭിച്ചത് ഓർത്ത് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു.അവസാനിക്കാത്ത കഷ്ടതകളിൽ നിന്ന് താങ്കൾ ഇപ്രകാരം ഒരു ചോദ്യം ചോദിച്ചുവല്ലോ
"ഞാൻ സ്നേഹം അർഹിക്കുന്നുണ്ടോ ?"
14 ആം വയസ്സിൽ താങ്കളുടെ ഒരു അദ്ധ്യാപിക താങ്കളുടെ രക്ഷകയായി വന്നു. സാമൂഹിക സേവനത്തിൽ

പങ്കാളികളായ വ്യക്തികളിൽ നിന്നും,താങ്കളുടെ
സുരക്ഷിതത്വം ആഗ്രഹിച്ച വ്യക്തികളിൽ നിന്നും, താങ്കൾക്ക്
ഏറെ സഹായം ലഭിച്ചു. അവയിലൂടെ ദൈവസ്നേഹം
അനുഭവിക്കുവാനും താങ്കൾ ഒരു ക്രിസ്തു വിശ്വാസി
ആകുവാനും ഇട വന്നു.
വളരെ വേദനയുള്ള ഒരു ഭൂതകാലമായിരുന്നു എങ്കിലും,
താങ്കൾ നിശബ്ദയായിരിക്കാൻ തയ്യാറായില്ല. താങ്കളുടെ
ജീവിതകഥ എഴുത്തുകളിലൂടെയും ചിത്രങ്ങളിലൂടെയും
താങ്കൾ പകർത്തി .ഇങ്ങനെ മാനസികമായും
ശാരീരികമായും പീഡനങ്ങൾ ഏറ്റവർക്ക് വേണ്ടി
രക്ഷകനായ നമ്മുടെ കർത്താവിൽ ഒരു അഭയസ്ഥാനം ഉണ്ട്
എന്നും,എല്ലാ വിരുദ്ധ ചിന്തകളിൽ നിന്നും ദുഷ്പേരുകളിൽ
നിന്നും ഒരു മുക്തിയുണ്ട് എന്നും, അങ്ങനെ പുതിയൊരു
ചിത്രം ക്രിയാത്മകമായി സൃഷ്ടിക്കാം എന്നും താങ്കൾ
തിരുത്തി പറഞ്ഞു.താങ്കൾ ഇപ്പോൾ രണ്ടു കുഞ്ഞുങ്ങളുടെ

മാതാവും, അവർക്ക് മാത്രമല്ല മറ്റ് അനേകം പേർക്ക് ഒരു
അനുഗ്രഹവും ആയിരിക്കുന്നു.

(നിശബ്ദത )

പ്രതികരണ ഗാനം.

"ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു”  .
എഫെസ്യർ : 1:15 - 16. സംഗീതം : ലായ്, യിൻ-ടിംഗ്.

പ്രതികരണ പ്രാർത്ഥന.

ദയയുള്ള ദൈവമേ,കത്തുകളിൽ നിന്നും വിശ്വസ്തരായ

വനിതകളെയും അവരുടെ കഷ്ടപ്പാടുകളെ പ്രതീക്ഷകളെയും കുറിച്ച് അറിയുവാൻ ഞങ്ങൾക്ക് കഴിഞ്ഞു.അവരുടെ കഷ്ടതകളിൽ അങ്ങയുടെ ജ്ഞാനത്താൽ അവർക്ക് വിജയം നേടുവാൻ സാധിച്ചു. ഞങ്ങൾ ഒരിയ്ക്കലും ഒറ്റയ്ക്കല്ല; അങ്ങ് ഞങ്ങളെ കേൾക്കുന്നു എന്ന് ഞങ്ങൾ മനസ്സിലാക്കുന്നു.മരണകരമായ താഴ്വരകളിലും അങ്ങയുടെ സാന്നിധ്യത്തിനായും പരിപാലനത്തിനായും സുരക്ഷിതത്വത്തിനായും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.അങ്ങയുടെ ജീവിക്കുന്ന സാക്ഷികളായി തീരുവാനും അങ്ങയുടെ നാമം മഹത്വീകരിക്കുവാനും ഞങ്ങളെ വിനയപ്പെടുത്തുന്നു.

(നിശബ്ദത )

പ്രതികരണ ഗാനം.

"ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു" .
എഫെസ്യർ : 1:15 - 16. സംഗീതം : ലായ്, യിൻ-ടിംഗ്.

സ്തോത്രക്കാഴ്ച.

ലീഡർ 2.

ലോക പ്രാർത്ഥന ദിനം,എല്ലാ ക്രിസ്തീയ സഭകൾക്കും പൊതുവായുള്ള, വനിതകൾ നയിക്കുന്ന ഒരു പ്രസ്ഥാനത്തിൻറെ ഭാഗമാണ്.കാഴ്ചയർപ്പണം പൊതുവായ ഒരു ദർശനത്തിന്റെ ഭാഗവും ലോകമെമ്പാടുമുള്ള വനിതകളുടെയും കുട്ടികളുടെയും ഉദ്ധാരണത്തിനു വേണ്ടിയിട്ടുള്ളതും ആകുന്നു.പ്രാർത്ഥനാപൂർവ്വമായ

പ്രവർത്തനങ്ങൾക്ക് വേണ്ടി ഈ സ്തോത്രക്കാഴ്ചയെ
ഞങ്ങൾ സമർപ്പിക്കുന്നു.

ജനം നിൽക്കുകയും പാടുകയും ചെയ്യുന്നു.

പാട്ട് : “കാഴ്ചയർപ്പണം അങ്ങേയ്ക്ക് വേണ്ടി”

വരികളും സംഗീതവും :ലായ്, യിൻ-ടിംഗ്.
2023 ലെ WDP തായ്‌വാൻ പരിപാടിക്ക് വേണ്ടി പ്രത്യേകം
രചിച്ചത്.സമ്മതത്തോടുകൂടി ഉപയോഗിക്കുന്നു.

മധ്യസ്ഥ പ്രാർത്ഥന.

ലീഡർ : 1
കാരുണ്യവാനായ ദൈവമേ, തായ്‌വാൻ എന്ന ഈ പ്രദേശം
വലിയ ശക്തികളാൽ വളരെ കഷ്ടപ്പാടുകൾ അനുഭവിക്കുന്നു.
പതിറ്റാണ്ടുകളായി അന്തർദേശീയ തലത്തിൽ ഒറ്റപ്പെട്ട
അവസ്ഥയിലാണ് ഈ രാജ്യം. അന്തർദേശീയ
തലത്തിൽ,ഔദ്യോഗികമായി ഒരു സമൂഹം എന്നവണ്ണം ഈ
രാജ്യത്തെ തിരിച്ചറിഞ്ഞിട്ടില്ല എങ്കിലും, ലോകത്തെ
കാർഷികമായും സാങ്കേതികമായും ആരോഗ്യപരമായും
മാനുഷികമായും ഉള്ള സഹായങ്ങൾ നൽകുവാൻ ഈ
രാജ്യം വളരെ ശ്രദ്ധിക്കുന്നു.
പരിശുദ്ധാത്മാവേ, ഒട്ടും ഉറപ്പില്ലാത്ത ഭാവിയുള്ള
തായ്‌വാനിലെ ജനതയ്ക്ക് വേണ്ടി,അങ്ങയുടെ ശക്തിയും
ബുദ്ധിയും പ്രദാനം ചെയ്യേണമേ. തായ്‌വാനെ ഒരു
അനുഗ്രഹമാക്കുവാൻ ഞങ്ങൾ അങ്ങയിൽ
ആശ്രയിക്കുന്നു.ദൈവികമായ ആശ്വാസം നൽകുന്നവനേ,
അങ്ങ് ലോകത്തിനുമേൽ കർത്തൃത്വം നടത്തുന്നവനാണ് .

അങ്ങയിൽ ഞങ്ങൾ ആശ്രയിക്കുന്നു.ഞങ്ങളെയും
തായ്‌വാനേയും അങ്ങയുടെ കരങ്ങളിലേക്ക് തരുന്നു.
ഞങ്ങളുടെ ബലഹീനതകളിൽ അങ്ങ് തുണ നിൽക്കേണമേ.
അങ്ങ് ഞങ്ങൾക്ക് അഭയ സ്ഥാനവും സുരക്ഷിത കേന്ദ്രവും
ആണ്.

ലീഡർ 2.

സൃഷ്ടികർത്താവായ പ്രിയമുള്ള ദൈവമേ,
പ്രകൃതി വിഭവങ്ങൾ നിറഞ്ഞ ഈ ലോകം ഞങ്ങളുടെ മേൽ
വിശ്വസിച്ചേൽപ്പിച്ചിരിക്കുന്ന അങ്ങയുടെ ദയയ്ക്കായി
ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു. എന്നാലും ഞങ്ങൾ
പലപ്പോഴും അമ്മ ഭൂമിയുടെ കരച്ചിലിനെ അവഗണിക്കുന്നു;
പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നു;വായു മലിനീകരണവും
ജലമലിനീകരണവും നേരിടുന്നു;അവശിഷ്ടങ്ങളെ നിർമാർജനം
ചെയ്യുന്നതിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു;കുന്നുകളുടെ
അമിതമായ ഉപയോഗത്താലുള്ള പ്രശ്നങ്ങൾ നേരിടുന്നു;
പാരസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നു;കാലാവസ്ഥാ
വ്യതിയാനവും വ്യത്യസ്തമായ പാരിസ്ഥിതിക പ്രശ്നങ്ങളും
നേരിടുന്നു.ജീവൻ്റെ ദൈവമേ, അങ്ങയുടെ കാരുണ്യം
അടിയങ്ങളുടെ ഹൃദയങ്ങളിൽ നിറച്ച്, അമ്മ ഭൂമിയെ
സംരക്ഷിക്കുവാൻ ഞങ്ങളെ നയിക്കേണമേ.

ലീഡർ 1.

സ്നേഹവാനായ ദൈവമേ,
അങ്ങയുടെ സ്വന്തം സാദൃശ്യത്താൽ ഞങ്ങളെ അങ്ങ്
സൃഷ്ടിക്കുകയും അനുഗ്രഹിക്കുകയും
ചെയ്തുവല്ലോ.അതെല്ലാം അങ്ങ് നല്ലത് എന്ന് കാണുകയും

ചെയ്യുവല്ലോ.ലോകത്തിൽ നീതിയും സമാധാനവും പുനഃസൃഷ്ടിക്കുവാൻ കഴിയുന്ന വനിതകൾക്കായും കുഞ്ഞുങ്ങൾക്കായും ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.പരിശുദ്ധാത്മാവേ, അധ:സ്ഥിതർക്ക് വേണ്ടിയും മാറ്റിനിർത്തപ്പെടുന്നവർക്ക് വേണ്ടിയും പോരാടുവാൻ ഞങ്ങളെ വിശേഷ ജ്ഞാനത്താൽ നിറയ്ക്കേണമേ. പാവങ്ങളെയും ബലഹീനരെയും സഹായിക്കുവാനും അവർക്ക് വേണ്ടി സംസാരിക്കുവാനുമുള്ള ധൈര്യവും ഞങ്ങൾക്ക് നൽകേണമേ.ഞങ്ങളുടെ വനിതകളെയും പെൺകുട്ടികളെയും സുരക്ഷിതത്വ സ്ഥാനങ്ങളിലേക്ക് എത്തിക്കുവാൻ ഞങ്ങളുടെ നേതാക്കന്മാരെ പ്രചോദിപ്പിക്കേണമേ.

ലീഡർ 2.

കൃപാലുവായ ദൈവമേ, കോവിഡ് 19 എന്ന മഹാമാരി ഞങ്ങൾക്ക് ഒരു വലിയ വെല്ലുവിളിയായിരുന്നു.തങ്ങളുടെ പ്രിയപ്പെട്ടവരെ ഇതുമൂലം നഷ്ടപ്പെട്ടവർക്കായും ഇതുവരെയും ഈ രോഗത്തിൽ നിന്ന് മുക്തി ലഭിച്ചിട്ടില്ലാത്തവർക്ക് വേണ്ടിയും ഞങ്ങൾ അങ്ങയോട് പ്രാർത്ഥിക്കുന്നു.ദൈവമേ അനേകർ ഈ രോഗത്തിലൂടെ കടന്നുപോകുന്നു.അങ്ങനെയുള്ളവരെ സഹായിക്കുവാനും

അവർക്ക് ആശ്വാസം പ്രധാനം ചെയ്യുവാനും ,ഞങ്ങളെ പ്രാപ്തമാക്കേണമേ.

കൃപാലുവായ ദൈവമേ, 2020 ൽ ഈ രോഗം ലോകമെമ്പാടും വ്യാപിച്ചപ്പോൾ , ഞങ്ങൾക്കായി അങ്ങയുടെ പരിപാലനം ഉണ്ടായിരുന്നു ;അതിനായി ഞങ്ങൾ

അങ്ങയെ വാഴ്ത്തുന്നു. 2023 ൽ WDP തായ്‌വാൻ നേതൃത്വം നൽകുന്ന ഈ ആരാധനയിൽ,ഞങ്ങൾ ഇതു കൊണ്ടാടുന്നു;അങ്ങേയ്ക്ക് നന്ദി അർപ്പിക്കുന്നു.

പരിപാലകനായ ദൈവമേ, ഈ ലോക പ്രാർത്ഥന ദിനത്തിൽ അങ്ങയുടെ സാന്നിധ്യത്തിൽ ഞങ്ങളെ ഒരുമിച്ചു കൂട്ടിയതിനും , അങ്ങയിലുള്ള വിശ്വാസത്തിനുമായും, ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു.

WDP യുടെ എല്ലാ പരിശ്രമങ്ങളിലൂടെയും തായ്‌വാനിലെ എല്ലാ വനിതകൾക്കും അവരുടെ വ്യത്യസ്തതകളെ അതിജീവിക്കുവാനും ദൈവകൃപയിൽ ഐക്യവും അഖണ്ഡതയും തേടുവാനും സാധിച്ചതിൽ ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. ദൈവമേ, ക്രിസ്തുവിലുള്ള ഐക്യതയുടെ പാതയിലേക്ക് ഞങ്ങളെയിനിയും നയിക്കേണമേ.

കർത്താവിന്റെ പ്രാർത്ഥന.

ആശീർവാദം.

എല്ലാവരും :ദൈവം നമ്മുടെ കഥകളെ ശ്രവിച്ച് നമ്മെ ഇനിയും വിശ്വാസത്തിൽ നയിക്കട്ടെ.വീണ്ടെടുപ്പിന്റെ യഥാർത്ഥ അർത്ഥം അറിയുവാനുള്ള പരിജ്ഞാനം കർത്താവായ യേശു ,നമുക്കേവർക്കും നൽകട്ടെ.മറ്റുള്ളവർക്ക് ഒരു അനുഗ്രഹമാകുവാൻ നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് തുറക്കട്ടെ; ആമേൻ!

ഒടുവിലുള്ള ഗാനം :

"ക്രിസ്തു, നമ്മുടെ നാഥൻ, നിന്റെ നുകം ഞങ്ങൾ വഹിക്കും”

വരികൾ എഴുതിയത് - ഓങ്ങ് ചെങ്ങ് ബൻ, 2005.

സംഗീതം :സെയുടെ പരമ്പരാഗത മെലഡി, തായ്‌വാൻ .

1973 ൽ അവയ് യതാവുയുങ്ങ്ഗാനാ ക്രമീകരിച്ചത്. 2023 ലെ WDP തായ്‌വാനിൽ ഉപയോഗിക്കുവാൻ ആധികാരികമായി കോപ്പിറൈറ്റ് ലഭിച്ചത്.

പിൻ മൊഴി

2021 ലെ ലോക പ്രാർത്ഥന ദിനത്തിലെ അന്തർദേശീയ കമ്മിറ്റി അംഗീകരിച്ചത്.

“ഞാൻ നിൻറെ വിശ്വാസത്തെക്കുറിച്ച് കേട്ടിരിക്കുന്നു “ തയ്യാറാക്കിയത് തായ്‌വാനിലെ WDP പ്രയർ കമ്മിറ്റിയാണ്. 2023 ലെ ലോകപ്രാർത്ഥന ദിനത്തിൽ ഉപയോഗിക്കുന്നതിനുള്ള ആരാധനക്രമവും വ്യത്യസ്ത വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഉൾക്കൊണ്ട വാർഷിക ആഘോഷത്തിലേയ്ക്കായി.

പ്രാദേശികവും അന്തർദേശീയവുമായ കമ്മറ്റികളും സംഘടനകളും ഉപയോഗിക്കുവാൻ വേണ്ടിയാണ് WDP വിഭവങ്ങൾ വിപുലീകരിച്ചിട്ടുള്ളത്. 2023 ലെ WDP യുടെ വിഭവങ്ങളിൽ നിന്ന് മറ്റ് ആവശ്യങ്ങൾക്ക് വേണ്ടി അന്തർദേശീയ പ്രാർത്ഥനാ ദിന കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി മാത്രം ഈ വിഭവങ്ങൾ പുന:രാവിഷ്ക്കരിക്കാവുന്നതാണ്.

പരിമിതമായ പുന:രാവിഷ്കരണത്തിനുള്ള അവകാശങ്ങൾ സംബന്ധിച്ച് -WDP യുടെ വ്യത്യസ്ത തലങ്ങളിലുള്ള

പരിപാടികൾക്കായി മാത്രം ബൈബിൾ പഠനം,ആരാധനക്രമം ,രാഷ്ട്രങ്ങളുടെ പശ്ചാത്തലം, കുട്ടികളുടെ വ്യത്യസ്ത പരിപാടികൾ,കലാപ്രവർത്തനങ്ങൾ, പാട്ടുകൾ ,ചിത്രങ്ങൾ ഇവയെല്ലാം അച്ചടിച്ചോ അല്ലാതെയോ പുനഃരാവിഷ്കരിക്കാവുന്നതാണ്.
ആരാധനകളിലോ കുട്ടികളുടെ പ്രോഗ്രാമുകളിലോ ഉപയോഗിക്കാവുന്ന ഗാനങ്ങളെ സംബന്ധിച്ച് അവരുടെ പബ്ലിഷന്മാരുടെ കോപ്പിറൈറ്റ് വിവരങ്ങൾ നൽകിയിട്ടുണ്ട്.

WDP തായ്‌വാൻ 2023 ലെ പ്രോഗ്രാമുകൾക്ക് വേണ്ടി മാത്രമാണ് ഇതിലെ ഗാനങ്ങൾ പുനഃരാവിഷ്കരിക്കാനും പരിഭാഷപ്പെടുത്തുവാനും അംഗീകാരം നൽകിയിട്ടുള്ളത്.
ഓൺലൈനിൽ ടി വിഭവങ്ങളുടെ വിൽപ്പനയും WDP നടപ്പാക്കുന്നതിന് വേണ്ടിയുള്ള കമ്മറ്റികൾക്കു മാത്രമേ അധികാരം നൽകിയിട്ടുള്ളൂ. മാത്രമല്ല ഇത്തരം പ്രവർത്തനങ്ങൾ ടി കമ്മറ്റിയുടെ മുമ്പാകെ വ്യക്തികളും സംഘടനകളും കണക്കു ബോധിപ്പിക്കേണ്ടതായിട്ടും ഉണ്ട്.
വിശ്വാസികളിൽനിന്ന് WDP യുടെ പ്രവർത്തനങ്ങൾക്കായി ശേഖരിച്ച സ്തോത്രക്കാഴ്ചകൾ അല്ലെങ്കിൽ ഫണ്ടുകൾ ഇവയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി മാത്രമുള്ളതും അവ കമ്മിറ്റിയുടെ മുമ്പാകെ ബോധിപ്പിക്കേണ്ടതുമാണ്.
ഇതിൽ ഉദ്ധരിച്ചിട്ടുള്ള വേദഭാഗങ്ങൾ 1989 ൽ ക്രിസ്തീയ വിദ്യാഭ്യാസത്തിന് വേണ്ടി രൂപീകരിച്ച അമേരിക്കയിലുള്ള എൻ. സി.സി.സി യുടെ ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ ഓഫ് ദ ബൈബിൾ ന്റെ കോപ്പി റൈറ്റ് ലഭിച്ചവയാണ്.എല്ലാ അവകാശങ്ങളും ഇതിൽ നിക്ഷിപ്തമാണ്.
കൂടുതൽ വിവരങ്ങൾക്ക് ദയവായി ബന്ധപ്പെടുക :
വേൾഡ് ഡേ ഓഫ് പ്രയർ ഇൻറർനാഷണൽ കമ്മറ്റി,

475 റിവർ സൈഡ് ഡ്രൈവ് റൂം 729,

ന്യൂയോർക്ക്, NY, 10115,യു.എസ്.എ

admin@worlddayofprayer.net - http://worlddayofprayer.net